## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 214    09.03.2015-ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് സംഘടന — പ്രതിരോധ സേനാ വിഭാഗം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ദാസൻ | | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് സംഘടനകളുടെ പേരിൽ നടന്ന ആക്രമണ സംഭവങ്ങൾ എത്രയാണ് ; ഏതെങ്കിലും സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചവരായി കണ്ടെത്തിയവർ എത്ര ; എത്രപേർ ശിക്ഷിക്കപ്പെട്ടു ; | (എ) സംസ്ഥാനത്ത് മോവോയിസ്റ്റ് സംഘടനയുടെ പേരിൽ 13 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആരെയും ശിക്ഷിച്ചിട്ടില്ല. |
| ബി) | മാവോയിസ്റ്റ് സംഘടനകളെ നേരിടുന്നതിനായി പ്രവർത്തിക്കുന്ന സേനാ വിഭാഗത്തിൽപ്പെട്ടവർ എത്ര; അവർക്കായി ശമ്പളം ഉൾപ്പെടെ കഴിഞ്ഞ രണ്ട് വർഷം ചെലവഴിച്ചിട്ടുള്ള തുക എത്ര ; | (ബി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകരപ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാ ഭീഷണിയും നേരിടുന്നതിനു സംസ്ഥാന പോലീസിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| സി) | സേനയിലേയ്ക്ക് കൂടുതൽ ആളുകളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകര പ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാഭീഷണിയും നേരിടുന്നതിന് സംസ്ഥാന പോലീസിൽ നിന്നുമുള്ള സേനാംഗങ്ങളെയാണ് നിയോഗിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ